നമുക്ക് നെൽക്കൃഷിക്ക് മൈനർ ഇറിഗേഷൻസ്കീം വ്യാപകമാക്കിയിട്ടുള്ളതുപോലെ ലിഫ്റ്റ് ഇറിഗേഷൻപദ്ധതി കരിമ്പുകൃഷിക്കുകൂടി വ്യാപകമാക്കുകയാണെങ്കിൽ തീർച്ചയായും ഇത് അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

അതുപോലെ തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള ബന്ധവും മെച്ചപ്പെടുത്തേണ്ടതായുണ്ട്. അതിന് ഐ.ആർ.സി. മുതലായ കമ്മിറ്റികൾക്ക് രൂപം കൊടുക്കണം. ഒരു ടൺ കരിമ്പ് ആട്ടുകയാണെങ്കിൽ നാലുപാട്ട ശർക്കര കിട്ടും. ഒരു പാട്ട ശർക്കരക്ക് 125 രൂപയാണ് വില. അതേ സമയം ആട്ടാൻ കൊടുത്താൽ കരിമ്പിന് 500 രൂപ കിട്ടുന്നു. സർക്കാർ കൊടുക്കുന്ന വില 205 രൂപയാണ് തിരുവല്ലായിൽ. ചിറ്റൂർ കൊടുക്കുന്നത് 250 രൂപയാണ്. ഉൽപ്പാദനച്ചെലവിന് അനുസൃതമായ വില കരിമ്പിന് നിജപ്പെടുത്തി കൃഷിക്കാർക്ക് കൊടുക്കാനും കൃഷിക്കാരെ സഹായിക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, ഉൽപ്പാദനച്ചെലവിന് അനുസൃതമായ വില കരിമ്പിന് ലഭിക്കാത്തതുമൂലം കർഷകർ പ്രയാസം അനുഭവിക്കുന്നു എന്നുള്ളത് ശരിയാണ്. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കരിമ്പിന്റെ 75 ശതമാനവും പഞ്ചസാര ഫാക്ടറികൾക്ക് കൊടുക്കേണ്ടതാണ്. ഒരുഹെക്ടർ സ്ഥലത്ത് പുതുതായി കരിമ്പ് കൃഷി ചെയ്യുന്നതിന് 12,000 രൂപ ചെലവാകും. റെട്ടൂൺ കരിമ്പ് കൃഷിക്ക് 8,000 രൂപമാത്രമേ ചെലവാകൂ. കേന്ദ്രഗവൺമെന്റാണ് വർഷംതോറും കരിമ്പിന്റെ തറവില നിശ്ചയിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ വ്യവസായവകുപ്പ് അതാത് ഫാക്ടറിമേഖലയിലെ കരിമ്പിന് വില പുതുക്കി നിശ്ചയിക്കുന്നു. 1985–86–ൽ കരിമ്പിന്റെ വില ടണ്ണിന് ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് തിരുവല്ല 205 രൂപയും, കോ–ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ 250 രൂപയും വില നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന തറവില ടണ്ണിന് 80 രൂപയാണ്. കേരളത്തിലെ കരിമ്പ്കൃഷിക്കാരുടെ പ്രയാസങ്ങളെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധിച്ചതിനുശേഷം ഫലപ്രദമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ടി. എസ്. ജോൺ: കരിമ്പ്കൃഷിക്കാരെ സഹായിക്കുന്നതിനുള്ള സൗകര്യം ഇന്ന് ഉണ്ടാക്കിയിട്ടില്ല. കൃഷി, ഇൻഡസ്ട്രീസ്, ഇറിഗേഷൻ ഈ ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ച് എന്തെങ്കിലും, സമഗ്രമായ പദ്ധതി ആരംഭിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇപ്പോഴും കൊടുത്തു കൊണ്ടിരിക്കുന്ന ചില സഹായങ്ങളുണ്ട്. അതുമാത്രംകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ലായെന്ന് ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ട്. അതേക്കുറിച്ച് വിശദമായി പരിശോധിക്കുന്നുമുണ്ട്.

III. സബ്മിഷൻ

(1) മൂവാറ്റുപുഴ ജില്ലാ ട്രഷറി

ശ്രീ. വി. വി. ജോസഫ്: സർ, എറണാകുളം ജില്ലാ ട്രഷറി ആരംഭിച്ചിട്ട് ഒരു വർഷത്തോളമായി. എങ്കിലും അവിടെ ആവശ്യമായ സ്റ്റാഫ് ഇല്ലാത്ത വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എറണാകുളം ജില്ലയിൽ 14 സബ് ട്രഷറികളുള്ളതുകൊണ്ട് എറണാകുളത്തെ തിരക്ക് ഒഴിവാക്കാൻ വേണ്ടിയാണ് മൂവാറ്റുപുഴയിൽ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാട്രഷറി ആരംഭിച്ചത്. ഇപ്പോഴും അവിടെയൊരു പ്യൂൺ മാത്രമേയുള്ളൂ. അതുകൊണ്ട് അവിടെ പ്രവർത്തനമൊന്നും നടക്കുന്നില്ല. നാലായിരത്തോളം രൂപ വാടക കൊടുക്കുന്നതാണ്. ഞതിനാൽ മൂവാറ്റുപുഴ ജില്ലാ ട്രഷറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി എറണാകുളത്തെ തിരക്ക് കുറയ്ക്കുവാനും സബ്—ട്രഷറികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും മൂവാറ്റുപുഴ ജില്ലാ ട്രഷറിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ വേണ്ട അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, മൂവാറ്റുപുഴയിൽ അനുവദിച്ച ജില്ലാ ട്രഷറി 29—6—1985—ൽ പ്രവർത്തനമാരംഭിച്ചെങ്കിലും പുതിയ ജില്ലാ ട്രഷറിയിൽ ചെയ്യാൻ ഉദ്ദേശിച്ച ജോലികളൊന്നും ഇതുവരെ അവിടെ ചെയ്തുതുടങ്ങിയിട്ടില്ല. തുടക്കത്തിൽ ജില്ലാ ട്രഷറി ഓഫീസറുടേയും ഒരു പ്യൂണിന്റേയും തസ്തികകളും മാത്രം അനുവദിച്ചുകൊണ്ടാണ് ട്രഷറി തുറന്നത്. പുതിയ തസ്തികകളും സൃഷ്ടിക്കുന്നതിൽ നിയന്ത്രണങ്ങളും ഉള്ളതുകൊണ്ട് തൽക്കാലം എറണാകുളം ജില്ലാ ട്രഷറിയിലെ ചില പോസ്റ്റുകളും മൂവാറ്റുപുഴയിലേക്ക് ഷിഫ്റ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നിർദ്ദേശം ഉടനെതന്നെ കൊടുക്കുന്നതാണ്. എറണാകുളം ജില്ലാ ട്രഷറിയുടെ ഭാരം മൂവാറ്റുപുഴയിലെ പുതിയ ട്രഷറിയിലെ പ്രവർത്തനത്തോടെ ഗണ്യമായി കുറയും എന്നുള്ളതുകൊണ്ട് പോസ്റ്റുകളും ഇപ്രകാരം ഷിഫ്റ്റ് ചെയ്യുന്നത് എറണാകുളം ജില്ലാ ട്രഷറിയുടെ പ്രവർത്തനത്തെ യാതൊരു തരത്തിലും ബാധിക്കുകയില്ല.

(2) കറുകച്ചാൽ പ്രൈമറി ഹെൽത്ത് സെന്റർ

ശ്രീ. കാനം രാജേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള കറുകച്ചാൽ പ്രൈമറിഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും അതിനുള്ള സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ഇപ്പോൾ എൻ.ആർ.ഇ.പി. യിൽ ഉൾപ്പെടുത്തി പത്ത് കിടക്കകളുള്ള ഒരു വാർഡിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 30—ാം തീയതി അതിന്റെ ഔപചാരികമായ ഉദ്ഘാടനം നടക്കുകയാണ്. വാർഡ് ഉദ്ഘാടനം ചെയ്തതുകൊണ്ട് മാത്രമായില്ല, കിടക്കകൾകൂടി അനുവദിക്കണം. അതിനാൽ ആവശ്യമായ കിടക്കകൾ അനുവദിക്കുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതിനും വേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

(3) കോട്ടയം ടെക്സ്റ്റൈൽസിൽ അപകടസ്ഥിതി

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള ഒരു വ്യവസായസ്ഥാപനമാണ് കോട്ടയം ടെക്സ്റ്റൈയിൽസ്. ഈ സ്ഥാപനത്തിൽ 400—ലധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഗവൺമെന്റ് ഏറ്റെടുത്ത കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിച്ച് കഴിഞ്ഞവർഷം 25 ലക്ഷം രൂപ ലാഭമുണ്ടാക്കിയെങ്കിലും ഈവർഷം അതിലേറെ നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് ഭരണാധികാരികളുടേയും ഉദ്യോഗസ്ഥൻമാരുടേയും കുറവ് കൊണ്ടല്ല, അവരുടെ കാര്യക്ഷമതയില്ലായ്മകൊണ്ടാണ് സംഭവിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരുപക്ഷേ ബഹു

LIBRARY ARCHIVES Kerala Legislative Assembly